"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ഡിഎ1/229/2020-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14/08/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം ഇരുപത്തഞ്ചാം വർഷത്തിലേക്ക് - ബാനർ പ്രദർശിപ്പിക്കുന്നത് - സംബന്ധിച്ച്.

***********************

1996 ഓഗസ്റ്റ് മാസം 17-ന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനം ഇരുപത്തഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും പുതിയ മാതൃക ലോകത്തിന് കാണിച്ചു കൊടുത്തു കൊണ്ടാണ് ഇരുപത്തഞ്ചാം വർഷത്തിലേക്ക് നാം കടക്കുന്നത്. സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള കേരളത്തെ 1996-ന് മുമ്പ്, അതിന് ശേഷം എന്ന് വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള മാറ്റങ്ങൾ അനുഭവവേദ്യമാക്കിയ പ്രവർത്തനമാണ് ജനകീയാസൂത്രണം കൊണ്ട് നടപ്പിലായത്. ജനപങ്കാളിത്തം ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉറപ്പു വരുത്തി ജനങ്ങൾക്ക് എപ്പോഴും കയറിച്ചെല്ലാവുന്ന പ്രാദേശിക സർക്കാരുകളെ സൃഷ്ടിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ദേശീയ തലത്തിലും ഏറ്റെടുക്കപ്പെട്ടിരിക്കുന്നു.

ലോകം ഇന്ന് അഭിമുഖീകരിക്കുന്ന കോവിഡ് മഹാമാരിയെ ഫലപ്രദമായി ചെറുത്തു നിൽക്കുന്നതിന് ജനങ്ങളെ പ്രാപ്തമാക്കിയത്, കേരളത്തിലുള്ള ശക്തമായ പ്രാദേശിക ഭരണ സംവിധാനമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾ ഒഴിവാക്കുന്നതാകും നന്ന്. എങ്കിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തെ സ്വാഗതം ചെയ്ത് കൊണ്ട് കേരളത്തിന്റെ അനുഭവ പാഠങ്ങൾ ഓർക്കുന്നതിനും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വഴി കാട്ടുന്നതിനുമായി ഒരു തുടക്കം എന്ന രീതിയിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അവരുടെ സ്ഥാപന കാര്യാലയങ്ങളിൽ ഒരു പോസ്റ്റർ/ബാനർ വാർഷിക ദിനമായ ഓഗസ്റ്റ് 17 -നു തന്നെ പ്രദർശിപ്പിക്കേണ്ടതാണ്.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
6. എല്ലാ ജില്ലാകളക്ടർമാർക്കും
7. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
14. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SURESH KUMAR K
Date: 2020.08.17 11:19:00 IST
Reason: Approved

സെക്ഷൻ ഓഫീസർ.